മൂലേക്കടവ് പാലത്തിന്റെ നിർമ്മാണം

128 (2847) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറവൻതുരുത്ത്-ചെമ്പ് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലേക്കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ ;

(ബി) പ്രസ്തുത പണി എന്ന് ടെണ്ടർ ചെയ്യാനാവുമെന്നും എപ്പോൾ പണി പൂർത്തീകരിക്കാനാവുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

129 (2848) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പാടം-വൈശ്യംഭാഗം കാർട്ടബിൾ പാലം, നെടുമുടി-കരുവാറ്റാ റോഡിലെ പടഹാരം പാലം എന്നിവയുടെ പണികൾക്കായി നബാർഡ് സഹായം തേടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മുടപ്പത്തൂർ പുഴയ്ക്ക് പാലം

130 (2849) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മുടപ്പത്തൂർ പുഴയ്ക്ക് പാലം നിർമ്മിക്കുന്നത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

ഈ പാലം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ.

ഒറ്റപ്പാലം മായന്നൂർ പാലത്തിന്റെ നിർമ്മാണം

131 (2850) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഒറ്റപ്പാലം-മായന്നൂർ പാലത്തിന്റെ നിർമ്മാണത്തിന് മൊബിലൈസേഷൻ ഫണ്ട് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് സ്ഥാപനമെന്ന് വ്യക്തമാക്കാമോ ;

(സി) ഒറ്റപ്പാലം-മായന്നൂർ പാലം പണി പൂർത്തിയാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ കാലാവധി എത്ര ?

ഉത്തരം

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷന് 127 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ നിർമ്മാണത്തിനായി വായ്പ എടുക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും 15 കോടി രൂപയുടെ ധനസഹായം സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 31-3-2004-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആറ്റുവേലക്കടവ് പാലത്തിന്റെ നിർമ്മാണം

132 (2851) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം മണ്ഡലത്തിലെ മറവൻതുരുത്ത്-ഉദയനാപുരം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ്റുവേലക്കടവ് പാലം നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ടെൻഡർ എപ്പോൾ ക്ഷണിക്കാനാവുമെന്നും എന്ന് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ചെമ്പങ്ങാടി കടവ് പാലത്തിന്റെ നിർമ്മാണം

133 (2852) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്പ് ഗ്രാമപഞ്ചായത്തിലെ 'ചെമ്പങ്ങാടി കടവ്' പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly